(ഡി) ഇത്തരം സ്കീമുകളുടെ സല/ലാഭത്തിന്റെ അടിസ്ഥാനത്തിലാണോ സർക്കാരിലേയ്ക്ക് കമ്മീഷൻ ഒടുക്കുന്നതെന്നറിയിക്കാമോ?

കമ്മീഷനോ/ലാഭവിഹിതമോ സർക്കാരിന് ലഭിക്കുന്നില്ല. ചിട്ടികൾ രജിസ്റ്റർ ചെയ്യുന്നതു വഴി ലഭിക്കുന്ന ഫീസും സ്റ്റാമ്പും ചിട്ടികളുടെ മിനിറ്റ്സുകളും ബാലൻസ് ഷീറ്റുകളും ഫയൽ ചെയ്യുമ്പോഴും കുറ്റങ്ങൾ കോമ്പൗണ്ട് ചെയ്യുമ്പോൾ ലഭിക്കുന്ന ഫൈനും സർക്കാരിന് ലഭിക്കുന്നു.

(ഇ) എങ്കിൽ ഇത്തരം സ്ഥാപനങ്ങൾ നടത്തുന്ന എം.ഡി.എസ്., ജി.ഡി.എസ്. എന്നിവ ചിട്ടികളാണോ അതോ ഡെപ്പോസിറ്റ് സ്കീമുകളാണോ എന്നറിയിക്കുമോ ?

സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന എം.ഡി.എസ്., ജി.ഡി.എസ്. എന്നിവ ഡെപ്പോസിറ്റ് സ്കീമുകളാണ്.

സാമ്പത്തിക പ്രതിസന്ധി

8 (5159) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമ്പത്തിക പ്രതിസന്ധിയുടെ കാലഘട്ടത്തിൽ അനാവശ്യ ചെലവുകൾ ഒഴിവാക്കുന്ന രീതി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഇപ്രകാരം മാറ്റിവച്ച പ്രധാന ചെലവിനങ്ങൾ എന്തൊക്കെയാണെന്നും അതിലൂടെ എത്ര കോടി രൂപയുടെ നേട്ടമുണ്ടായി എന്നും ഇനം തിരിച്ച് അറിയിക്കുമോ?

സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യച്ചെലവുകളും ധൂർത്തും തടഞ്ഞ് ധനദുർവിനിയോഗം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണച്ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധയിനം ചെലവുകൾക്കാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. സേവനദാതാക്കൾ സേവന നിരക്കിൽ വരുത്തുന്ന മാറ്റങ്ങൾ, വാഹനങ്ങൾ ഉൾപ്പെടെയുള്ള സാധന സാമഗ്രികളുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സർക്കാർ പുതിയ ഓഫീസുകൾക്കും സ്ഥാപനങ്ങൾക്കും നിയന്ത്രിത ചെലവുകളിന്മേൽ അനുമതി നൽകുന്നതടക്കമുള്ള കാരണങ്ങളാൽ ഈ ഇനങ്ങളിലുള്ള ചെലവുകളിൽ മേൽ പരാമർശിത നിയന്ത്രണങ്ങളിലൂടെ എത്രത്തോളം കുറവുവരുത്തുവാൻ സാധിച്ചിട്ടുണ്ടെന്ന് കണ്ടെത്തുക അപ്രായോഗികമാണ്.

LIBRARY ARCHIVES Kerala Legislative Assembly